സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.10685/22/എസ്റ്റ- എ

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
28/06/2022.

## സർക്കുലർ

വിഷയം:- കാണിക്ക സ്പെഷ്യൽ ഡ്യൂട്ടി സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽപ്പെടുന്നതും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസിന്റെ അധികാരപരിധിയിലുള്ളതുമായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ് ദേവസ്വങ്ങളിൽ കാണിക്ക എണ്ണി തിട്ടപ്പെടുത്തുന്നതിനായി മറ്റ് ദേവസ്വങ്ങളിൽ നിന്നുള്ള ജീവനക്കാരെ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്ന അവസരങ്ങളിൽ ഡ്യൂട്ടിയ്ക്ക് ഹാജരാകുവാൻ താമസം ഉണ്ടാകുന്നതായും, സ്ഥിരമായി ഒരേ ജീവനക്കാരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതായും, കൂടാതെ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ നടത്തുന്ന കാണിക്കയ്ക്ക് മറ്റ് ക്ഷേത്രങ്ങളിൽ നിന്നും ജീവനക്കാരെയും സബ്ഗ്രൂപ്പ് ആഫീസർമാരെയും ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു.

ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാണിക്ക പ്രോഗ്രാമുകൾ ക്രമീകരിക്കുന്നത് സംബന്ധിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ നടത്തുന്ന കാണിക്ക പ്രോഗ്രാമുകൾക്ക് മാത്രമേ മറ്റ് സബ്ഗ്രൂപ്പുകളിൽ നിന്നും ജീവനക്കാരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുവാൻ പാടുള്ളൂ. കൂടാതെ ഓരോ തവണയും ജീവനക്കാരെ മാറ്റി മാറ്റി ഡ്യൂട്ടിയ്ക്ക് നിയോഗിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്&സെക്യൂരിറ്റി)
3. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
4. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
5. സെക്ഷൻ ഫയൽ
6. ഫെയർ ഓഫീസ് കോപ്പി

To. EDP Section

AR.28/06